## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.625 28.09.2016-ൽ മറുപടിയ്ക്ക്

### കണ്ണാടിപ്പുഴ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ : | | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം, തേങ്കുറുശ്ശി, കണ്ണാടി പഞ്ചായത്തുകൾക്ക് ജലവിതരണത്തിന വേണ്ടി നടപ്പിലാക്കി വരുന്ന കണ്ണാടിപ്പുഴ പദ്ധതിയുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | ബി | പ്രസ്തുത പദ്ധതി 2017 ഡിസംബറിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| സി | എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | സി | കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായി NRDWP പദ്ധതിയിൽ ഉള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ പ്രധാനഘടകങ്ങളായ ജലശുദ്ധീകരണശാലയും നിലവിലുള്ള കിണറിന്റെ പുനരുദ്ധാരണ പ്രവർത്തനവും, റോവാട്ടർ, ക്ലിയർ വാട്ടർ, മെയിൻ പൈപ്പുകൾ സ്ഥാപിക്കൽ (3 മേഖലകളിലേ യ്ക്കുമായി), മോട്ടോർ, പമ്പ് സെറ്റ് സ്ഥാപിക്കൽ, ട്രാൻസ് ഫോർമർ സ്ഥാപിക്കൽ മുതലായവയുടെ പ്രവൃത്തികൾ ആണ് നടന്ന വരുന്നത്.<br><br>മേൽ പദ്ധതിയുടെ രണ്ടാം ഘട്ടമായി NRDWP-ൽ ഉൾപ്പെട്ട തേങ്കുറിശ്ശി പഞ്ചായത്തിലേയ്ക്കുള്ള 8.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണിയും, 3 പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു.<br><br>മേൽ പദ്ധതിയുടെ മൂന്നാം ഘട്ടമായി NRDWP-ൽ ഉൾപ്പെടുന്ന കുഴൽമന്ദം കണ്ണാടി പഞ്ചായത്തുകളിലേയ്ക്ക് വേണ്ടി 5.5 ലക്ഷം ലിറ്ററും, 7.5 ലക്ഷം ലിറ്ററും സംഭരണശേഷിയുള്ള 2 ഉന്നതതല സംഭരണികളും, ബാക്കിവരുന്ന പ്രദേശത്തേയ്ക്കുള്ള ജലവിതരണ ശൃംഖല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 1000 ലക്ഷം രൂപയുടെ ഭരണാനുമതി 01.03.2016-ൽ നൽകി. സാങ്കേതികാനുമതി നൽകുന്നതിന വേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ